# ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് & ടെക്നോളജി

**തിരുവനന്തപുരം– 695011**

**(ഭാരത സർക്കാരിന് കീഴിൽ പ്രവർത്തിക്കുന്ന ദേശീയ പ്രാധാന്യമുള്ള സ്ഥാപനം)**

Grams-Chitramet Phone-(91)471-2443152 Fax-(91)471-2446433,2550728

Email-sct@sctimst.ac.in Web site – www.sctimst.ac.in

## മാധ്യമക്കുറിപ്പ്

ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആന്റ് ടെക്നോളജിയിലെ (എസ്സിടിഐഎംഎസ്ടി) 40–ാമത് ബാച്ചിന്റെ വാർഷിക ബിരുദദാന ചടങ്ങും ഏഴാമത് ജി പാർത്ഥസാരഥി പ്രഭാഷണവും 2024 മെയ് 4 രാവിലെ 9.30 മുതൽ അച്യുതമേനോൻ സെന്റർ ഫോർ ഹെൽത്ത് സയൻസ് സ്റ്റഡീസ് ഓഡിറ്റോറിയത്തിൽ നടക്കും. ബിരുദദാന ചടങ്ങിൽ 162 സീനിയർ റഡിന്റുമാരും വിദ്യാർത്ഥികളും ബിരുദം/ഡിപ്ലോമ ഏറ്റുവാങ്ങും. ഡിഎം, എംസിഎച്ച്, പിഎച്ച്ഡി, എംപിഎച്ച്, എംഎസ്, ഡിപ്ലോമ കോഴ്സുകൾ പൂർത്തിയാക്കിയ വിദ്യാർത്ഥികളാണ് ബിരുദദാന ചടങ്ങിൽ പങ്കെടുക്കുന്നത്.

ഡോ. അഭയ് കരണ്ഡികർ (സെക്രട്ടറി, കേന്ദ്ര ശാസ്ത്ര– സാങ്കേതിക വകുപ്പ്) ചടങ്ങിൽ മുഖ്യാതിഥിയായിരിക്കും. അദ്ദേഹം ബിരുദദാന ചടങ്ങിൽ മുഖ്യപ്രഭാഷണവും നടത്തും. ഇൻസ്റ്റിറ്റ്യൂട്ട് പ്രസിഡന്റ് ഡോ. വിജയ് കുമാർ സാരസ്വത് (അംഗം, നിതി ആയോഗ്, ഭാരതസർക്കാർ) ചടങ്ങിൽ അധ്യക്ഷത വഹിക്കുകയും ബിരുദദാനം നടത്തുകയും ചെയ്യും. ഡോ. വി. നാരായണൻ (ഡയറക്ടർ, എൽപിഎസ്സി, ഐഎസ്ആർഒ) വിശിഷ്ടാതിഥി ആയിരിക്കും. ഡയറക്ടർ ഡോ. സഞ്ജയ് ബിഹാരി ഇൻസ്റ്റിറ്റ്യൂട്ടിന്റെ അക്കാദമിക് പ്രവർത്തനങ്ങളെ കുറിച്ച് റിപ്പോർട്ട് അവതരിപ്പിക്കും.

ശ്രീചിത്ര കുടുംബത്തെ സംബന്ധിച്ച് അതിപ്രധാനമായ ചടങ്ങാണിത്. ദേശീയ പ്രാധാന്യമുള്ള സ്ഥാപനമായ ശ്രീചിത്രയ്ക്ക് ചികിത്സാ– ബയോമെഡിക്കൽ സയൻസ് & ടെക്നോളജി– പൊതുജനാരോഗ്യ മേഖലകളിൽ സമാനതകളില്ലാത്ത നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ ചടങ്ങിലേക്ക് താങ്കളെ സന്തോഷത്തോടെ സ്വാഗതം ചെയ്യുന്നു. നന്ദി.